പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1429 30.9.2011 മറുപടിയ്ക്ക്

<u>കോഴി വളർത്തൽ മേഖല</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വർക്കല കഹാർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

എ) കോഴി വളർത്തൽ മേഖല വിപുലമാക്കുന്നതിന് കെപ്കോ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

എ) മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിന് വീട്ടമ്മയുടെ അരുമക്കോഴികൾ, ഗ്രാമം നിറയെ കോഴികൾ. കോഴി വളർത്തൽ ഗ്രാമങ്ങൾ. കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കോഴിയിറച്ചി ഉത്പാദനത്തിനും വിപണനത്തിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- തിരുവനന്തപുരം കുടപ്പനക്കുന്നിലുള്ള ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് കേജ് സംവിധാനങ്ങളോടെയുള്ള ഒരു ഹൈടെക്ക് ഫാമാക്കി മാറ്റി. ഇവിടെ നിന്ന് 1.25 ലക്ഷം വിരിയിപ്പുമുട്ടകളും, ഒരു ലക്ഷത്തോളം ഗുണമേന്മയും. ഉയർന്ന രോഗ പ്രതിരോധശേഷിയുമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.
- കുടപ്പനക്കുന്ന് ഫാമിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളേയും. തീറ്റയും. കർഷകർക്കു നൽകി വളർത്തി തിരികെ ഏൽപ്പിക്കുന്ന ഇന്റഗ്രേഷൻ സംവിധാനം ശക്തിപ്പെടുത്തി.

ഇത്തരത്തിൽ വളർത്തുന്ന കോഴികളെ കോർപ്പറേഷന്റെ കീഴിലുള്ള ഇറച്ചി സംസ്കരണ ശാലയിൽ ശാസ്ത്രീയമായി സംസ്ക്കരിച്ച് കെപ്കോ ചിക്കൻ ആയി ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

- ഇന്ന് ഇരുപത്തിയൊൻപതോളം ബ്രോയിലർ ഇന്റഗ്രേഷൻ ഫാമുകൾ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഏകദേശം 1.7 ലക്ഷം ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ വളർത്തുവാനുള്ള സൗകര്യവുമുണ്ട്.
- ഇരുപത്തിയഞ്ച് ടൺ സംഭരണശേഷിയുള്ള വാക്ക്-ഇൻ-ഫ്രീസർ തിരുവനന്തപുരത്തുള്ള പേട്ടയിൽ സ്ഥാപിച്ചു.
- മൂല്യ-വർദ്ധിത ഉല്പന്നങ്ങളായ മാരിനേറ്റഡ് ചിക്കൻ, ചിക്കൻ സോസേജ്, കട്ട്ലെറ്റ് ,ലോലിപോപ്പ് തുടങ്ങിയ വൈവിധ്യവത്ക്കരിച്ച ഉത്പന്നങ്ങളുടെ വ്യവസായിക ഉത്പാദനം തുടങ്ങി. ഏജൻസികൾ മുഖേന തിരുവനന്തപുരത്ത് പേരൂർക്കടയിലും കരമനയിലും മണക്കാടും നാലാഞ്ചിറയിലും, മെഡിക്കൽകോളേജിലും സെയിൽസ് ഔട്ട്ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്. കെപ്കോ ഉല്പന്നങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനു വേണ്ടി മൊബൈൽ സെയിൽസ് വാനുകളും ആരംഭിച്ചിട്ടുണ്ട്.

ബി) ഇതിനായി സംസ്ഥാനത്ത് ഹൈടെക് ലെയർ ബ്രീഡിംഗ് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) ഉണ്ട്.

| | | | |
|---|---|---|---|
| സി) | ഉണ്ടെങ്കിൽ എവിടെയാണ് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; | സി) | കൊല്ലം ജില്ലയിലെ പത്തനാപുരം നിയോജക മണ്ഡലത്തിൽ കുരിയോട്ടുമലയിലാണ് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത ഫാമിൽ കോഴിത്തീറ്റ , ഹാച്ചറി എന്നിവ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ